SREENARAYANAGURU OPEN UNIVERSITY
*The State University for Education, Training and Research in Blended Format, Kerala*
University Building, Kureepuzha, Kollam, Kerala-691601 | www.sgou.ac.in

# EXAMINATION WING

## പരീക്ഷാർത്ഥികൾ അറിയേണ്ടതെല്ലാം

### പരീക്ഷാ നോട്ടിഫിക്കേഷൻ

സെമസ്റ്റർ പരീക്ഷയ്ക്ക് സാധാരണഗതിയിൽ കുറഞ്ഞത് 30 ദിവസം മുമ്പ് പരീക്ഷാ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതാണ്. നോട്ടിഫിക്കേഷൻ വരുന്ന തീയതി മുതൽ 15 ദിവസം വരെ പഠിതാക്കൾക്ക് സ്റ്റുഡന്റ്സ് പോർട്ടൽ വഴി പരീക്ഷാരജിസ്ട്രേഷൻ നടത്താവുന്നതാണ്. തുടർന്ന് നിശ്ചിത ദിവസം വരെ ഫൈനോടുകൂടിയും രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. പ്രസ്തുത തീയതികൾ അതാത് നോട്ടിഫിക്കേഷനിൽ ഉൾകൊള്ളിച്ചിട്ടുണ്ടാകും. സാങ്കേതിക കാരണങ്ങളാൽ കാലദൈർഘ്യത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാം.

### പരീക്ഷാ രജിസ്ട്രേഷനുള്ള യോഗ്യത

- സെമസ്റ്റർ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി പഠനം തുടരുന്ന പഠിതാക്കൾക്ക് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

### പരീക്ഷാ രജിസ്ട്രേഷൻ

- പരീക്ഷാ രജിസ്ട്രേഷൻ ചെയ്യുന്നതിനായി സ്റ്റുഡന്റ്സ് പോർട്ടലിൽ പഠിതാക്കളുടെ കൈവശമുള്ള ലോഗിൻ ഐഡിയും പാസ്സ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്തതിനു ശേഷം ഡാഷ്ബോർഡിലുള്ള പരീക്ഷാ രജിസ്ട്രേഷൻ ലിങ്കിൽ ക്ലിക്ക് ചെയ്യുക. സ്റ്റുഡന്റ്സ് പോർട്ടലിലേക്കുള്ള ലിങ്ക് - **erp.sgou.ac.in/login-candidate**

- പാസ്സ്‌വേർഡ് മറന്നു പോയവർ "forgot password" ൽ ക്ലിക്ക് ചെയ്ത് മെയിലിലേക്ക് വരുന്ന OTP ടൈപ്പ് ചെയ്ത് പുതിയ പാസ്സ്‌വേർഡ് സെറ്റ് ചെയ്യാവുന്നതാണ്.

- ലോഗിൻ സംബന്ധിച്ച് മെയിൽ ഐഡിയും, പാസ്സ്‌വേർഡും നഷ്ടപ്പെട്ട പഠിതാക്കൾ എൽ.എസ്.സി കോർഡിനേറ്റർ വഴി **info@sgou.ac.in / admission23@sgou.ac.in** എന്ന ഇമെയിലിലേക്ക് അപേക്ഷ നൽകേണ്ടതാണ്.

- പരീക്ഷാ രജിസ്ട്രേഷനു വേണ്ടിയുള്ള ഡാഷ്ബോർഡിൽ എല്ലാ കോഴ്സുകളും സെലക്ട് ചെയ്ത നിലയിലായിരിക്കും കാണുക, അതിൽ പഠിതാക്കൾ പരീക്ഷയെഴുതാൻ ഉദ്ദേശിക്കുന്ന കോഴ്സുകളുടെ അടിസ്ഥാനത്തിൽ മാറ്റം വരുത്താവുന്നതാണ്. അതിനായി രജിസ്ട്രേഷൻ ആവശ്യമില്ലാത്ത കോഴ്സിന് നേരെ കാണുന്ന ടിക്ക് മാർക്ക് ക്ലിക്ക് ചെയ്താൽ ആ കോഴ്സ് "disable" ആകുന്നതാണ്. തുടർന്ന് save ബട്ടൻ ക്ലിക്ക് ചെയ്യുക.

- പഠിതാവ് നൽകിയ ഓപ്ഷനുകൾ ശരിയാണോ എന്ന് നോക്കുവാൻ Preview & Exam Centre Selection ബട്ടൺ ക്ലിക്ക് ചെയുക, തെറ്റുകൾ ഇല്ലാ എങ്കിൽ Proceed to Exam Centre Selection ബട്ടൺ ക്ലിക്ക് ചെയ്ത് മുന്നോട്ട് പോകാവുന്നതാണ്. പഠിതാക്കൾ പഠനത്തിനായി തിരഞ്ഞെടുത്ത കോഴ്സുകൾ തന്നെയാണോ ഡാഷ്ബോർഡിൽ DISPLAY ചെയ്തിരിക്കുന്നത് എന്ന് ഉറപ്പ് വരുത്തിയതിനു ശേഷം മാത്രം Proceed ചെയ്യുക, അല്ലാത്ത പക്ഷം **e23@sgou.ac.in** എന്ന Email id-ലേക്ക് ശരിയായ കോഴ്സുകൾ ഉൾകൊള്ളിച്ചു കൊണ്ട് പഠിതാവിന്റെ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പടെ EMAIL അയക്കേണ്ടതാണ്.

  - പഠിതാവ് സെലക്ട് ചെയ്ത കോഴ്സുകൾക്ക് അനുസൃതമായ ഫീസ് വിവരങ്ങൾ ഡാഷ്ബോർഡ് ടാബിൽ കാണാവുന്നതാണ്.

നിലവിലെ ഫീസ് വിവരങ്ങൾ

| UG Programmes Improvement/ Supplementary | UG Programmes First chance | PG Programmes Improvement/ Supplementary | PG Programmes First chance |
|---|---|---|---|
| Without Fine -990/-<br>With Fine -1190 | Without Fine -750/-<br>With Fine -950 /- | Without Fine -2170/-<br>With Fine -2370 /- | Without Fine -1295/-<br>With Fine -1495 /- |

- പരീക്ഷാ രജിസ്ട്രേഷൻ ഫൈനില്ലാതെയും ഫൈനോട്ടു കൂടിയും രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതിയും നോട്ടിഫിക്കേഷനിൽ ഉണ്ടാകും. അങ്ങനെ നോട്ടിഫൈ ചെയ്ത

തീയതികളിൽ ഏതെങ്കിലും മാറ്റങ്ങൾ ഉണ്ടെങ്കിൽ സർവ്വകലാശാല സർക്കുലർ വഴി അറിയിക്കുന്നതായിരിക്കും.

- പരീക്ഷ ഫീസ് സംബന്ധിച്ച പൂർണ്ണമായ വിവരം നോട്ടിഫിക്കേഷൻ ലിങ്കിൽ ക്ലിക്ക് ചെയ്താൽ കാണാൻ സാധിക്കുന്നതാണ്.
- Students Portal-ലിൽ പരീക്ഷ രജിസ്ട്രേഷൻ ലിങ്കിന് തൊട്ടുമുകളിലായി നോട്ടിഫിക്കേഷൻ ലിങ്ക് കാണാവുന്നതാണ്.
- തുടർന്ന് ജില്ല സെലക്ട് ചെയ്ത് പരീക്ഷാ കേന്ദ്രം തെരഞ്ഞെടുക്കുവാൻ സാധിക്കുന്നതാണ്. **പഠിതാവ് തിരഞ്ഞെടുത്ത പരീക്ഷാ കേന്ദ്രം അനുവദിക്കുന്നതിനായി സർവ്വകലാശാലയ്ക്ക് അസൗകര്യം ഉണ്ടാകുന്ന പക്ഷം, മറ്റൊരു ജില്ലയെ ബദൽ പരീക്ഷാ കേന്ദ്രമായി പഠിതാവ് തെരഞ്ഞെടുക്കേണ്ടതാണ്.**
- രജിസ്ട്രേഷൻ തുടരുവാൻ Save & Proceed to Payment Button Select ചെയ്യുമ്പോൾ Fee details എന്ന പേജ് കാണാവുന്നതാണ്. അവിടെ Fee Concession ഉള്ള പഠിതാക്കൾക്ക് do you avail fee concession എന്ന ഓപ്ഷനിൽ yes സെലക്ട് ചെയ്ത് payment ഒഴിവാക്കാവുന്നതാണ്. മറ്റ് പഠിതാക്കൾ നേരിട്ട് confirm button ക്ലിക്ക് ചെയ്ത് Payment സ്ക്രീനിലേക്ക് പോകാവുന്നതാണ്. Supplementary/Improvement പരീക്ഷകൾക്ക് Fee Concession ബാധകമല്ല.

**പേയ്മെന്റ് ചെയുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

- പേയ്മെന്റ് വിൻഡോയിൽ കയറി 10 മിനിറ്റിനുള്ളിൽ പേയ്മെന്റ് പ്രോസസ്സ് കംപ്ലീറ്റ് ചെയ്യേണ്ടതാണ്. സാധിച്ചില്ല എങ്കിൽ വിണ്ടും എക്സാം സെന്റർ സെലക്ട് ചെയ്തതിന് ശേഷം സബ്മിറ്റ് ബട്ടൺ ക്ലിക്ക് ചെയ്യുക. പേയ്മെന്റ് ചെയ്യുന്നതിനായി Payment Gateway സംവിധാനങ്ങൾ ഉപയോഗിക്കാവുന്നതാണ്.
- പേയ്മെന്റ് പ്രോസസ്സ് കംപ്ലീറ്റ് ആയതിന് ശേഷം നിങ്ങളുടെ അക്കൗണ്ടിൽ നിന്നും തുക പിൻവലിക്കപ്പെട്ടു എന്ന് പേയ്മെന്റ് സ്റ്റാറ്റസ് പരിശോധിച്ച് ഉറപ്പ് വരുത്താവുന്നതാണ്.
- പേയ്മെന്റ് പ്രോസസ് പൂർത്തീകരിച്ച പഠിതാക്കൾക്ക് കൺഫർമേഷൻ മെസ്സേജ് ഇമെയിലായി ലഭിക്കും.

- പേയ്മെന്റ് പ്രോസസ് പൂർത്തീകരിച്ചതിന് ശേഷം നിങ്ങൾക്ക് കൺഫർമേഷൻ മെസ്സേജ് ലഭിക്കാതെയിരിക്കുകയും എന്നാൽ അക്കൗണ്ടിൽ നിന്നും തുക നഷ്ടമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ തുക തിരികെ ലഭിക്കുന്നതിനായി അപേക്ഷ **e23@sgou.ac.in** എന്ന mail id യിലേക്ക് Candidate Name, E-mail id, Enrolment No, Registered Phone Number, Amount Paid, Programme Name, Payment receipt എന്നീ വിവരങ്ങൾ ഉൾക്കൊള്ളിച്ച് 3 ദിവസത്തിനുള്ളിൽ മെയിൽ അയക്കുക.

**പ്രത്യേക ശ്രദ്ധയ്ക്ക്** :- പരീക്ഷാ രജിസ്ട്രേഷനും ഫീസ് അടയ്ക്കുന്നതും നേരിട്ട് സർവ്വകലാശാലാ സ്റ്റുഡന്റ് പോർട്ടലിലൂടെ **(erp.sgou.ac.in/login-candidate)** മാത്രം ഓൺലൈനായി ചെയ്യേണ്ടതാണ്. ഇതിനായി സർവ്വകലാശാലയ്ക്ക് മറ്റ് ഫ്രാഞ്ചൈസികളോ ഏജൻസികളോ ഇല്ല.

### പരീക്ഷാ കേന്ദ്രം മാറ്റം വരുത്തുന്നത് സംബന്ധിച്ച്.

- എക്സാം രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചതിനു ശേഷം എക്സാംസെന്ററിൽ മാറ്റം വരുത്തണമെങ്കിൽ സർവകലാശാല നിശ്ചയിച്ചിരിക്കുന്ന തീയതികൾക്കുള്ളിൽ ഫീസ് ഇല്ലാതെ ഒരു തവണയും 250 രൂപ ഫീസോടുകൂടി ഒരു തവണയും സെന്ററുകളുടെ ലഭ്യത അനുസരിച്ച് ഓൺലൈനായി തന്നെ പഠിതാക്കൾക്ക് മാറ്റം വരുത്തുവാൻ സാധിക്കുന്നതാണ്.

### എൻഡ് സെമസ്റ്റർ പരീക്ഷകൾ രജിസ്റ്റർ ചെയ്യാൻ / എഴുതാൻ സാധിക്കാത്തവർ

- പരീക്ഷാ രജിസ്ട്രേഷൻ ചെയ്യാത്ത സെമസ്റ്റർ പരീക്ഷകൾക്ക് പിന്നീട് നോഷണൽ രജിസ്ട്രേഷനോടൊപ്പം സപ്ലിമെന്ററി ആയി രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്.
- പരീക്ഷ രജിസ്റ്റർ ചെയ്തിട്ടും പരീക്ഷ എഴുതാൻ സാധിക്കാത്തവർക്ക് പിന്നീട് സപ്ലിമെന്ററി ആയി രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്.

**എക്സാമിനേഷൻ അഡ്മിറ്റ് കാർഡ്** (EAC)

- വിജയകരമായി പരീക്ഷാ രജിസ്ട്രേഷൻ പൂർത്തിയാക്കിയ പഠിതാക്കൾക്ക് യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന തീയതി മുതൽ അവരവരുടെ ലോഗിനിൽ നിന്നും എക്സാമിനേഷൻ അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യാവുന്നതാണ്.
- പ്രിന്റ് ചെയ്ത് ഒപ്പ് രേഖപ്പെടുത്തിയ പ്രസ്തുത അഡ്മിറ്റ് കാർഡുകൾ എല്ലാ പരീക്ഷാ ദിവസങ്ങളിലും പരീക്ഷാ കേന്ദ്രത്തിലെ ഇൻവിജിലേറ്റർ സമക്ഷം ഹാജരാക്കേണ്ടതാണ്.
- പ്രസ്തുത അഡ്മിറ്റ് കാർഡിൽ ഏതെങ്കിലും തരത്തിലുള്ള തെറ്റുകൾ ഉണ്ടെങ്കിൽ ഉടൻ തന്നെ ഇമെയിൽ e23@sgou.ac.in മുഖാന്തരം സർവ്വകലാശാലയിൽ അറിയിക്കേണ്ടതാണ്.

**ടൈംടേബിൾ**

- ഓരോ പ്രോഗ്രാമുകളുടെയും സെമസ്റ്റർ പരീക്ഷകളുടെ ടൈംടേബിളുകൾ അതാത് പരീക്ഷാ രജിസ്ട്രേഷൻ നോട്ടിഫിക്കേഷനോടൊപ്പമോ അല്ലാതെയോ മുൻകൂട്ടി പ്രസിദ്ധീകരിക്കുന്നതായിരിക്കും. ടൈംടേബിളിൽ സൂചിപ്പിച്ചിരിക്കുന്ന തീയതികളിലും സമയങ്ങളിലുമായിരിക്കും പരീക്ഷകൾ നടക്കുന്നത്. ഓരോ തീയതികളിലെയും വിഷയങ്ങൾ സംബന്ധിച്ച വിവരങ്ങൾ ടൈംടേബിളുകളിൽ ലഭ്യമാണ്. പ്രസ്തുത ടൈംടേബിളുകൾ യൂണിവേഴ്സ്റ്റി വെബ്സൈറ്റിലും ലേണർ സപ്പോർട്ട് സെന്ററുകളിലും റീജിയണൽ കേന്ദ്രങ്ങളിലും ലഭ്യമായിരിക്കും.

**പരീക്ഷാ ഹാളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

- ടൈംടേബിൾ പ്രകാരം എല്ലാ ദിവസങ്ങളിലും നിലവിൽ രാവിലെ 10 മണി മുതൽ ഉച്ചക്ക് 1 മണിവരെയാണ് പരീക്ഷ ക്രമീകരിച്ചിരിക്കുന്നത്.
- ഫോട്ടോ ഐഡന്റിറ്റി, എക്സാമിനേഷൻ അഡ്മിറ്റ് കാർഡ് (EAC) എന്നിവയുടെ പരിശോധനകൾക്കായി പഠിതാക്കൾ പരീക്ഷ തുടങ്ങുന്നതിന് 15 മിനിറ്റ് മുൻപ് പരീക്ഷാകേന്ദ്രത്തിൽ ഓരോരുത്തർക്കും അനുവദിച്ചിട്ടുള്ള ഇരിപ്പിടത്തിൽ ഹാജരാകേണ്ടതാണ്.
- പഠിതാക്കൾ അവരുടെ ഫോട്ടോപതിപ്പിച്ച തിരിച്ചറിയൽ കാർഡ് പരീക്ഷാ ഹാളിൽ ഹാജരാക്കേണ്ടതാണ്. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി സ്റ്റുഡന്റ് ഐഡി

കാർഡ്/ ഡ്രൈവിംഗ് ലൈസൻസ്/ പാൻകാർഡ്/ ആധാർ കാർഡ്/ വോട്ടർഐഡി കാർഡ് എന്നിവ തിരിച്ചറിയൽ രേഖയായി സ്വീകരിക്കുന്നതാണ്.

- തിരിച്ചറിയൽ രേഖയും എക്സാമിനേഷൻ അഡ്മിറ്റ് കാർഡും ഹാജരാക്കാത്ത പഠിതാക്കളെ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല. ഡൗൺലോഡ് ചെയ്ത എക്സാമിനേഷൻ അഡ്മിറ്റ് കാർഡ് പ്രിൻറ് എടുത്ത് ഒപ്പ് രേഖപ്പെടുത്തി എല്ലാ പരീക്ഷ ദിവസങ്ങളിലും ഹാജരാക്കേണ്ടതാണ്.
- മൊബൈൽഫോൺ, ഡിജിറ്റൽ ഉപകരണങ്ങൾ തുടങ്ങിയ യാതൊരു വിധ ഇലക്ട്രോണിക്/വാർത്താവിനിമയ ഉപകരണങ്ങളും പരീക്ഷാ ഹാളിൽ അനുവദിക്കുന്നതല്ല.
- സർവ്വകലാശാലയുടെ 18.06.2022 തീയതിയിലെ 588/EX.1/1/SOU/2022 ഉത്തരവ് പ്രകാരം ടൈപ്പ് വൺ പ്രമേഹരോഗികളായിട്ടുള്ള പഠിതാക്കൾക്ക് ആവശ്യമായ ലഘു ഭക്ഷണം, മരുന്ന് എന്നിവ ഉപയോഗിക്കുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതാണ്. ടൈപ്പ് വൺ പ്രമേഹ ബാധിതരായ പഠിതാക്കൾക്ക് പരീക്ഷയെഴുതുന്നതിന് അധികസമയം അനുവദനീയമാണ്. അർഹരായവർ ഗവ. ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം പരീക്ഷക്ക് 30 ദിവസം മുൻപായി പരീക്ഷാ കൺട്രോളർക്ക് അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.
- ആരോഗ്യപരമായ കാരണങ്ങളാൽ പരീക്ഷയെഴുതുന്നതിന് റൈറ്റിംഗ്പാഡ് ആവശ്യമുള്ളവർ മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം സർവ്വകലാശാല പരീക്ഷാ കൺട്രോളർക്ക് അപേക്ഷ നൽകി മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.
- പരീക്ഷാഹാളിൽ നൽകുന്ന Attendance Sheet-ൽ പഠിതാക്കൾ ഇൻവിജിലേറ്ററുടെ സാന്നിദ്ധ്യത്തിൽ ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. ആൻസർ ബുക്ലെറ്റ് സീരിയൽ നമ്പർ അറ്റൻ്റൻസ് ഷീറ്റിൽ എൻറോൾമെൻറ് നമ്പറിന് നേരെ രേഖപ്പെടുത്തി ഒപ്പിടേണ്ടതാണ്.
- പഠിതാക്കൾ അവരുടെ എൻറോൾമെന്റ് നമ്പർ, കോഴ്സ് കോഡ്, പരീക്ഷയുടെ പേര് മുതലായവ ഉത്തരക്കടലാസ്സിന്റെ ആമുഖ പേജിൽ രേഖപ്പെടുത്തേണ്ടതാണ്.
- അച്ചടിയിലെയൊ / നിർമ്മാണത്തിലേയൊ പിശകോ അപാകതകളോ മൂലമല്ലാതെ വേറെ യാതൊരു കാരണവശാലും ആൻസർ ബുക്കുകൾ മാറ്റി നൽകുന്നതല്ല. ആയതിനാൽ ഉത്തരക്കടലാസ്സുകൾ സൂക്ഷിച്ച് ഉപയോഗിക്കേണ്ടതും, ആമുഖ പേജിൽ വിവരങ്ങൾ കൃത്യമായി തെറ്റുകൾ കൂടാതെ രേഖപ്പെടുത്തേണ്ടതുമാണ്.

- യുജി പരീക്ഷകൾക്ക് 32 പേജും പിജി പരീക്ഷകൾക്ക് 40 പേജുമുള്ള ഒരു ബുക്‌ലെറ്റായിരിക്കും പഠിതാക്കൾക്ക് നൽകുന്നത്. ഇത് കൂടാതെ അഡീഷണൽ ഷീറ്റുകൾ നൽകുന്നതല്ല. അതിനാൽ പഠിതാക്കൾ ആൻസർ ബുക്‌ലെറ്റുകൾ വിവേകപൂർവം ഉപയോഗപ്പെടുത്തേണ്ടതാണ്.
- പരീക്ഷ എഴുതുവാൻ വിദ്യാർത്ഥികൾക്ക് നീല/കറുപ്പ് മഷിയുള്ള പേനകൾ മാത്രമേ ഉപയോഗിക്കാൻ അനുവാദമുള്ളൂ.
- ഭാഷാ വിഷയങ്ങൾ ഒഴികെയുള്ള യുജി/പിജി പരീക്ഷകൾ ഇംഗ്ലീഷിലോ മലയാളത്തിലോ എഴുതാവുന്നതാണ്.
- പരീക്ഷ ആരംഭിച്ച് കഴിഞ്ഞാൽ ഇൻവിജിലേറ്ററുടെ അനുവാദത്തോടെ പരമാവധി 30 മിനിറ്റ് വരെ പരീക്ഷ ഹാളിൽ പ്രവേശനം അനുവദിക്കുന്നതാണ്. പരീക്ഷ അവസാനിക്കുന്നതിന് 30 മിനിറ്റിന് മുമ്പ് പരീക്ഷ ഹാളിൽ നിന്ന് പുറത്ത് പോകുന്ന പഠിതാക്കൾ ഉത്തരക്കടലാസും ചോദ്യപേപ്പറും ഇൻവിജിലേറ്ററെ ഏൽപ്പിക്കേണ്ടതാണ്.
- പരീക്ഷ കഴിഞ്ഞതിനു ശേഷം ഉത്തരകടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിച്ചതിനു ശേഷം മാത്രമേ പരീക്ഷാ ഹാൾ വിട്ട് പുറത്ത് പോകുവാൻ പാടുള്ളൂ.
- പരീക്ഷാ ജോലിയുമായി ബന്ധപ്പെട്ടുള്ള ഉദ്യോഗസ്ഥരോട് / ഇൻവിജിലേറ്ററോട് അപമര്യാദയായി പെരുമാറുകയോ പരീക്ഷ നിർദ്ദേശങ്ങൾ ലംഘിക്കുകയോ ചെയ്യുവാൻ പാടില്ല. പരീക്ഷ ഹാളിൽ ടെക്സ്റ്റ് ബുക്ക്, നോട്ട്ബുക്ക് പരീക്ഷ എഴുതാൻ സഹായകരമായ മറ്റ് യാതൊന്നും അനുവദിക്കില്ല. അത്തരം നടപടികൾ ശ്രദ്ധയിൽപെട്ടാൽ ആ പഠിതാക്കൾക്ക് എതിരെ സർവ്വകലാശാല നിയമം അനുസരിച്ച് കർശന നടപടി സ്വീകരിക്കുന്നതാണ്.
- യാതൊരു കാരണവശാലും പഠിതാക്കൾക്ക് അനുവദിച്ചിരിക്കുന്ന പരീക്ഷാ കേന്ദ്രത്തിന് മാറ്റം അനുവദിക്കുന്നതല്ല പരീക്ഷാർത്ഥികൾക്ക് അനുവദിച്ചിരിക്കുന്ന പരീക്ഷാ കേന്ദ്രത്തിൽ അല്ലാതെ മറ്റൊരു കേന്ദ്രത്തിലും പരീക്ഷകൾ എഴുതുവാൻ സാധിക്കുന്നതല്ല.
- ഏതെങ്കിലും കാരണവശാൽ പരീക്ഷ മാറ്റി വയ്ക്കുന്ന സാഹചര്യത്തിൽ അക്കാര്യവും പുതുക്കിയ പരീക്ഷാ തീയതിയും യഥാസമയം വിവിധ മാധ്യമങ്ങൾ മുഖേനയും യൂണിവേഴ്സിറ്റി വെബ്സൈറ്റ് മുഖേനയും അറിയിക്കുന്നതാണ്. പുതിയ പരീക്ഷാ

തീയതിയിൽ പഠിതാക്കൾ നിലവിൽ ലഭിച്ചിരിക്കുന്ന എക്സാമിനേഷൻ അഡ്മിറ്റ് കാർഡ് തന്നെ ഹാജരാക്കാവുന്നതാണ്.

- ചോദ്യപേപ്പറിൽ പഠിതാക്കളുടെ പേരും എൻറോൾമെൻറ് നമ്പരും മാത്രമേ എഴുതാവൂ. പഠിതാവിന്റെ എൻറോൾമെന്റ് നമ്പറോ മറ്റ് വ്യക്തിഗത വിവരങ്ങളോ ആൻസർ ബുക്കിലെ facing sheet ലെ നിർദിഷ്ട പേജിൽ (ആദ്യപേജ്) അല്ലാതെ മറ്റ് സ്ഥലങ്ങളിൽ എഴുതുവാൻ പാടില്ല. റഫ് വർക്കുകൾ അൻസർ ബുക്ലെറ്റിൽ തന്നെ രേഖപ്പെടുത്താവുന്നതാണ്.
- ആൻസർബുക്കിലും ചോദ്യപേപ്പറിലും നൽകിയിരിക്കുന്ന നിർദേശങ്ങൾ കർശനമായി പാലിക്കണം.
- പരീക്ഷാ മുറിയിൽ കർശനമായും നിശബ്ദത പാലിക്കണം
- എന്തെങ്കിലും സംശയമോ സഹായമോ ആവശ്യമെങ്കിൽ ഇൻവിജിലേറ്ററുടെ സഹായം തേടാവുന്നതാണ്.

**പരീക്ഷാ ക്രമക്കേടുകൾ**

- പരീക്ഷാ ക്രമക്കേടുകൾ കണ്ടെത്തുകയും പിടിക്കപ്പെടുകയും ചെയ്യുന്ന പഠിതാക്കൾക്ക് സർവ്വകലാശാലയുടെ **"Regulations for The Prevention of Malpractices in the University Examinations-2023 First Amendment-February 2024"** എന്ന നിയമപ്രകാരം ബാധകമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. പ്രസ്തുത റഗുലേഷൻ സർവ്വകലാശാല വെബ്സൈറ്റിലും പരീക്ഷാകേന്ദ്രങ്ങളിലും ലഭ്യമാണ്.

**ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന പഠിതാക്കളുടെ ശ്രദ്ധയ്ക്ക്**

- ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന പഠിതാക്കൾ യൂണിവേഴ്സിറ്റി വെബ് സൈറ്റിൽ ഉള്ള (sgou.ac.in/examination/order) അപേക്ഷയുടെ മാതൃക പ്രിന്റ് എടുത്ത് പൂരിപ്പിച്ച് യൂണിവേഴ്സിറ്റി ഐഡി കാർഡ്, ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്, യൂണിക് ഡിസെബിലിറ്റി ഐഡി കാർഡ്, ഏതെങ്കിലും തിരിച്ചറിയൽ രേഖ എന്നിവയുടെ പകർപ്പുകൾ സഹിതം പരീക്ഷയിൽ ആവശ്യമുള്ള ആനുകൂല്യങ്ങൾക്കായി പരീക്ഷ കൺട്രോളർക്ക് പരീക്ഷയ്ക്ക് 30 ദിവസം മുൻപെങ്കിലും മുൻകൂറായി സമർപ്പിക്കേണ്ടതാണ്.
- അപേക്ഷാ ഫീസ് ഇല്ല.

- സ്ക്രൈബിന്റെ സേവനം ആവശ്യമുള്ള പഠിതാക്കൾ അപേക്ഷയോടൊപ്പം സ്വന്തമായി എഴുതുവാൻ പരിമിതിയുള്ളതായി ഗവൺമെന്റ് ആശുപത്രിയിലെ ചീഫ് മെഡിക്കൽ ഓഫീസർ/സിവിൽ സർജൻ/ മെഡിക്കൽ സൂപ്രണ്ട് സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് (Annexure-1 മാതൃക sgou.ac.in/examination/order എന്ന ലിങ്കിൽ ലഭ്യമാണ് ) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ**

- സർവ്വകലാശാല വാഗ്ദാനം ചെയ്യുന്ന എല്ലാ യുജി പിജി പ്രോഗ്രാമുകളുടെയും മൂല്യ നിർണ്ണയം -നിരന്തരമൂല്യ നിർണ്ണയം ( CIE), എൻഡ് സെമസ്റ്റർ എക്സാമിനേഷൻ ( ESE) എന്നിങ്ങനെ രണ്ടായി തരം തിരിച്ചിട്ടുണ്ട്. CIE, ESE എന്നിവ 30:70 എന്ന അനുപാതത്തിൽ ആയിരിക്കും. എല്ലാ പ്രോഗ്രാമുകൾക്കും അക്കാദമിക് കലണ്ടർ പ്രകാരം ഓരോ സെമസ്റ്ററും പൂർത്തിയാകുന്ന മുറയ്ക്ക് അതാത് പാഠ്യപദ്ധതി നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം എൻഡ് സെമസ്റ്റർ എക്സാമിനേഷൻ നടത്തുന്നതാണ്.

**നിരന്തര മൂല്യനിർണ്ണയം (CIE)**

- പഠിതാക്കളുടെ അക്കാദമിക് പ്രകടനം വിലയിരുത്തുന്നതിനായി സർവ്വകലാശാല സ്വീകരിച്ചിരിക്കുന്ന നിരന്തരമൂല്യ നിർണ്ണയത്തിന്റെ ഭാഗമായി (CIE) ഒരു കോഴ്സിന് 2 അസൈൻമെന്റുകൾ പഠിതാക്കൾ സമർപ്പിക്കേണ്ടതായുണ്ട്. പ്രോഗ്രാം വിജയിക്കുന്നതിന് ഓരോ കോഴ്സിനും 2 അസൈൻമെന്റുകൾ സമർപ്പിക്കേണ്ടത് നിർബന്ധമാണ്. നിരന്തരമൂല്യനിർണ്ണയം സംബന്ധിച്ച പൂർണ്ണമായ മാർഗ്ഗനിർദ്ദേശങ്ങൾ യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ ലഭ്യമാണ്.
- എൻഡ് സെമസ്റ്റർ പരീക്ഷയ്ക്ക് വിജയിക്കാനുള്ള മിനിമം മാർക്ക് - 70 മാർക്കിന്റെ 30 % ആയ 21 മാർക്കാണ്.
- എൻഡ് സെമസ്റ്റർ പരീക്ഷയ്ക്കും നിരന്തരമൂല്യനിർണ്ണയത്തിനും കൂടി വിജയിക്കാനുള്ള മിനിമം മാർക്ക് - 100 മാർക്കിന്റെ 35 % ആയ 35 മാർക്കാണ്.
- നിരന്തരമൂല്യനിർണ്ണയത്തിന് മിനിമം മാർക്ക് ഇല്ല.

## അസൈൻമെന്റ് ലേറ്റ് ഫീ അടയ്ക്കേണ്ട വിധം

- അസൈൻമെന്റ് ലേറ്റ് ഫീ അടയ്ക്കുന്നതിനായി യൂണിവേഴ്സിറ്റി വെബ്സൈറ്റിലെ Examination ലിങ്കിൽ Payment ഓപ്ഷനിൽ late submission of Assignment സെലക്ട് ചെയ്ത് തുടർന്നു വരുന്ന ടാബിൽ പഠിതാവിന്റെ എൻറോൾമെന്റ് നമ്പർ ടൈപ്പ് ചെയ്ത് proceed ക്ലിക്ക് ചെയ്യുക. തുടർന്നു വരുന്ന ടാബിൽ പഠിതാവിന്റെ കോഴ്സ് വിവരങ്ങൾ കാണാവുന്നതാണ്. അവിടെയുള്ള communication address കോളത്തിൽ അഡ്രസ്സ് ടൈപ്പ് ചെയ്ത് choose number of course എന്ന ഭാഗത്ത് ലേറ്റ് ഫീ അടയ്ക്കേണ്ട അസൈൻമെന്റ് സെലക്ട് ചെയ്ത് proceed ക്ലിക്ക് ചെയ്യുക. തുടർന്ന് വരുന്ന പേയ്മെന്റ് ടാബിൽ ക്ലിക്ക് ചെയ്ത് ഫീസ് അടയ്ക്കാവുന്നതാണ്.
- പേയ്മെന്റ് അടച്ചതിനു ശേഷം ലഭിക്കുന്ന രസീത് ഉൾപ്പെടെ അസൈൻമെന്റിന്റെ ഹാർഡ്കോപ്പി എൽ എസ് സി കോർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്.

## ഗ്രേഡും ഗ്രേഡ് പോയിന്റും

**Grade and Grade Points**

| Letter Grade | Grade Point (GP) | % of Total Marks obtained | Class |
|---|---|---|---|
| O(Outstanding) | 10 | 90% and above | First Class with Distinction |
| A+ (Excellent) | 9 | 80% and above but less than 90% | |
| A (Very Good) | 8 | 70% and above but less than 80% | |
| B+ (Good) | 7 | 60% and above but less than 70% | First Class |
| B(Above average) | 6 | 50% and above but less than 60% | |
| C (Average) | 5 | 40% and above but less than 50% | |
| P (Pass) | 4 | 35% and above but less than 40%. Having 30% or above for ESE is a necessary and sufficient condition for a pass. | |
| F (Fail) | 0 | Below 35%(CIE + ESE) or Below 30 % for ESE | |
| I | 0 | Could not register for the end semester examination but fulfills the eligibility criteria or cancellation of the examination. | |
| Ab | 0 | Absent | |
| FE | 0 | Failed due to lack of eligibility criteria (R6.6) | |

Equivalent percentage mark shall be = 10 * CGPA

**പ്രോഗ്രാമിന്റെ കാലാവധി**

- യുജി പ്രോഗ്രാമിന്റെ കാലാവധി 6 സെമസ്റ്ററുകളിലായി 3 അധ്യയന വർഷങ്ങളിലായിരിക്കും.
- നിശ്ചിത മൂന്ന് അധ്യയന വർഷത്തിൽ പ്രോഗ്രാം പൂർത്തിയാക്കാൻ സാധിക്കാത്ത പഠിതാക്കൾക്ക് പരമാവധി 6 വർഷം വരെ പരീക്ഷകൾ എഴുതാൻ അവസരം ഉണ്ടായിരിക്കും.
- പിജി പ്രോഗ്രാമിന്റെ കാലാവധി 4 സെമസ്റ്ററുകളിലായി 2 അധ്യയന വർഷങ്ങളിലായിരിക്കും.
- നിശ്ചിത രണ്ട് അധ്യയന വർഷത്തിൽ പ്രോഗ്രാം പൂർത്തിയാക്കാൻ സാധിക്കാത്ത പഠിതാക്കൾക്ക് പരമാവധി 4 വർഷം വരെ പരീക്ഷകൾ എഴുതാൻ അവസരം ഉണ്ടായിരിക്കും.

**പരീക്ഷാഫലം**

- സെമസ്റ്റർ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് അറിയിപ്പ്, വാർത്താമാധ്യമങ്ങൾ വഴി സർവ്വകലാശാല നൽകുന്നതായിരിക്കും. വിശദമായ പരീക്ഷാഫലം സർവ്വകലാശാല വെബ്സൈറ്റിലും ലേണർ സപ്പോർട്ട് സെന്ററുകളിലും റീജിയണൽ കേന്ദ്രങ്ങളിലും ലഭ്യമായിരിക്കും.

**പുനർമൂല്യ നിർണ്ണയം/ ഡബിൾ വാല്യൂയേഷൻ**

- യുജി പ്രോഗ്രാമുകളുടെ പരീക്ഷകൾക്ക് പുനർമൂല്യനിർണ്ണയത്തിനുള്ള അവസരമുണ്ട്. ഇതിനായി പഠിതാക്കൾ പരീക്ഷഫലപ്രഖ്യാപനത്തിനോടൊപ്പമുള്ള നോട്ടിഫിക്കേഷനിൽ സൂചിപ്പിച്ചിരിക്കുന്ന തീയതികൾക്ക് മുമ്പായി ഫീസടച്ച് ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.
- പിജി പ്രോഗ്രാമുകളുടെ പരീക്ഷകൾക്ക് ഡബിൾ വാല്യൂയേഷൻ സിസ്റ്റം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ പുനർമൂല്യനിർണ്ണയത്തിന് അവസരമുണ്ടായിരിക്കില്ല.
- യുജി/പിജി പരീക്ഷകളുടെ ഉത്തരക്കടലാസ്സിന്റെ സോഫ്റ്റ് കോപ്പി ആവശ്യമുള്ളവർക്ക് ലഭ്യമാക്കുന്നതായിരിക്കും. ഇതിനായി നിശ്ചിത തീയതിക്കു മുമ്പായി ഫീസടച്ച് ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

  0

**ഗ്രേഡ്കാർഡ് വിതരണം**

- സെമസ്റ്റർ പരീക്ഷാഫലം പ്രഖ്യാപനത്തിന് ശേഷം യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന തീയതി മുതൽ ഗ്രേഡ്കാർഡ് പഠിതാക്കളുടെ പോർട്ടലിൽ ലഭ്യമാകുന്നതാണ്.

**ബിരുദം/ ബിരുദാനന്തര സർട്ടിഫിക്കറ്റ് വിതരണം**

- പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസോടുകൂടി അപേക്ഷിക്കുന്ന മുറയ്ക്ക് സർവ്വകലാശാലയിൽ നിന്നും ബിരുദ സർട്ടിഫിക്കറ്റും കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡും ലഭ്യമാക്കുന്നതാണ്.
- പരീക്ഷാഫീസും വിവിധ സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷാ ഫീസും യൂണിവേഴ്സിറ്റി വെബ്സൈറ്റിലെ എക്സാമിനേഷൻ ബട്ടണിൽ എക്സാം ഓർഡർ എന്ന ലിങ്കിൽ ലഭ്യമാണ്.

**യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെടുന്നതിന്**


വിലാസം :

പരീക്ഷാ കൺട്രോളർ

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി

കുരീപ്പുഴ, കൊല്ലം– 691601

ഇമെയിൽ വിലാസം – **e23@sgou.ac.in, exams@sgou.ac.in**

മൊബൈൽ നമ്പർ – **9188920013, 9188920014**


**സ്റ്റുഡന്റ് പോർട്ടൽ സംബന്ധമായ സംശയങ്ങൾക്ക്.**


ഇമെയിൽ വിലാസം – **admission@sgou.ac.in, admission23@sgou.ac.in**

മൊബൈൽ നമ്പർ – **9188909903**

- സർവ്വകലാശാലയിലേക്ക് അയക്കുന്ന ഇമെയിലുകളിൽ പഠിതാവിന്റെ പേര്, എൻറോൾമെന്റ് നമ്പർ, പ്രോഗ്രാമിന്റെ പേര്, ഇമെയിൽ ഐഡി, രജിസ്റ്റേഡ് ഫോൺ നമ്പർ എന്നീ വിവരങ്ങൾ ഉൾക്കൊള്ളിക്കേണ്ടതാണ്.

**ഡോ ഗ്രേഷ്യസ് ജെ**
**പരീക്ഷാ കൺട്രോളർ**

*മുകളിൽ സൂചിപ്പിച്ചിരിക്കുന്ന പരീക്ഷാ സംബന്ധമായ നിയമങ്ങളും നിർദ്ദേശങ്ങളും എപ്പോൾ വേണമെങ്കിലും മാറ്റം വരുത്തുന്നതിനുള്ള അവകാശം സർവ്വകലാശാലയിൽ നിക്ഷിപ്തമാണ്. പ്രസ്തുത മാറ്റങ്ങൾ യഥാസമയം പഠിതാക്കളെ അറിയിക്കുന്നതായിരിക്കും.*